LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി

107 [2599] ശ്രീ. പിരപ്പൻകോട് മുരളി:

„ മത്തായി ചാക്കോ:

„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രധാന ഓഫീസുകളെയും ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർവത്ക്കരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിനായി ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കാമോ;

(സി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത പഞ്ചായത്തുകളായി പ്രഖ്യാപിച്ചതിനു ശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചു;

(ഡി) ഇതിനായി ഐ.കെ.എം. എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്; തെരഞ്ഞെടുത്ത ഓരോ പഞ്ചായത്തിലും കമ്പ്യൂട്ടർവൽക്കരണത്തിന്റെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; ഇതിനായി എന്തു തുക ചെലവഴിച്ചു;

(ഇ) ഐ.കെ.എം. ഏതെല്ലാം കമ്പനികളിൽനിന്ന് ഏതെല്ലാം സോഫ്റ്റ്വെയറുകൾ വാങ്ങി; ഇതിനായി എന്തു തുക ചെലവഴിച്ചു;

(എഫ്) ഈ സോഫ്റ്റ്വെയറുകൾ പഞ്ചായത്തിൽ വിന്യസിച്ചാൽ അവ ഓരോ പഞ്ചായത്തിനും ഉണ്ടാക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ജി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി കേന്ദ്ര ആസൂത്രണ കമ്മീഷനിൽനിന്ന് കിൻലിബ് പ്രോജക്ടിനായി ഇൻഫർമേഷൻ കേരളമിഷന് എന്തുതുക ലഭിച്ചു; ഇതിനകം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചു;

(എച്ച്) ഇതിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.കെ.എം. വികസിപ്പിച്ച ഏതെല്ലാം സോഫ്റ്റ് വെയർ പാക്കേജുകൾ വിന്യസിപ്പിച്ചു; ഇവയിൽ എവിടെയെല്ലാം ഏതെല്ലാം പാക്കേജുകൾ പ്രവർത്തനക്ഷമമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വെള്ളനാട് ഗ്രാമപഞ്ചായത്തിനെയാണ് ഐ.കെ.എം. നേരിട്ടുള്ള സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. തുടർന്ന് അവശേഷിക്കുന്ന 990 ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും ഈ പരപാടി വ്യാപിപ്പിക്കുന്നതാണ്.

(സി ആന്റ് ഡി) വെള്ളനാട് ഗ്രാമ പഞ്ചായത്ത് മാത്രമേ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളൂ. ഈ പഞ്ചായത്തിൽ അക്കൗണ്ട്സ്, റവന്യൂ, ഹെൽത്ത്, എസ്റ്റ്ബ്ളിഷ്മെന്റ്, കേരളാ വികസന പദ്ധതി, ബഡ്ജറ്റ്, തുടങ്ങിയ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വൽക്കരിച്ചു. ഇതിനായി 9 ലക്ഷം രൂപ ചെലവായി.

(ഇ) ഐ.കെ.എം. 2004 മാർച്ച് 31 വരെ വിവിധ കമ്പനികളിൽനിന്നും വാങ്ങിയ സോഫ്റ്റ്വെയറുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. ഇതിനായി ഏകദേശം 48 ലക്ഷം രൂപ ചെലവഴിച്ചു. †

(എഫ്) ഈ സോഫ്റ്റ്വെയറുകൾ ഐ.കെ.എം.-ന്റെ പ്രവർത്തനത്തിന് വേണ്ടി മാത്രമാണ്.

(ജി) കിൻലിബ് പ്രോജക്ടിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് 33 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 13.18 കോടി രൂപയാണ് ഐ.കെ.എം.-ന് റിലീസ് ചെയ്തിട്ടുള്ളത് കമ്പ്യൂട്ടർ വൽക്കരണ പരിപാടി നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(എച്ച്) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

കുമാരപുരം-പട്ടം റോഡിന്റെ വീതികൂട്ടാൻ സ്വകാര്യഭൂമി ഏറ്റെടുക്കൽ

108 [2600] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കുമാരപുരത്തുനിന്നും പട്ടത്തേയ്ക്ക് പോകുന്ന ബസ്സുകളും വാഹനങ്ങളും മുറിഞ്ഞപാലം ജംഗഷനിൽകൂടി മെഡിക്കൽ കോളേജ് പൊട്ടക്കുഴി റോഡിലേയ്ക്ക് തിരിയുന്ന വളവിൽ സ്വകാര്യവസ്തുവിൽനിന്നും എത്ര വീതിക്ക് ഭൂമിയെടുക്കുന്നുണ്ട്;

(ബി) ആ വളവിന് തൊട്ടുമുന്നിൽ ജി. ജി. ഹോസ്പിറ്റൽ കഴിഞ്ഞുള്ള വസ്തുവിൽനിന്ന് എത്ര വീതിക്ക് ഭൂമി എടുക്കുന്നുണ്ട്;

(സി) ജംഗ്ഷനിൽ റോഡ് വളയുന്ന ഭാഗത്തെക്കാൾ കൂടുതലായി പ്രസ്തുത വസ്തുവിൽനിന്ന് കൂടുതൽ വീതിക്ക് ഭൂമിയെടുക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.